DESPATCHED
On 02/08/21

28/7/21

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1828(1)/2019/SICതീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽനമ്പർ: 14291/SIC-G4/2019)**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2021 ജൂലൈ 28**

| | |
|---|---|
| ശ്രീ. ആർ. ഓമനക്കുട്ടൻപിള്ള,<br>ഇൻഷ്വറൻസ് ക്ലെയിം ഇൻവെസ്റ്റിഗേറ്റർ,<br>ഗംഗാലയം ബിൽഡിംഗ്, ഫസ്റ്റ് ഫ്ളോർ,<br>ആനന്ദവല്ലീശ്വരം ക്ഷേത്രത്തിന് സമീപം,<br>തേവള്ളി പി.ഒ., കൊല്ലം - 691 009. | അപ്പീൽ ഹർജിക്കാരൻ |
| 1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>കുണ്ടറ പോലീസ് സ്റ്റേഷൻ,<br>കുണ്ടറ പി.ഒ.,കൊല്ലം - 691 501.<br><br>2) അപ്പീൽഅധികാരി&<br>ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്,<br>ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,<br>കൊട്ടാരക്കര - 691 506. | എതിർകക്ഷികൾ |

## ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൻമേൽ 16/12/2019-ലെ കമ്മീഷൻ ഉത്തരവുപ്രകാരം പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ. ആയിരുന്ന ശ്രീ. സുരേഷ് വി. നായർ, കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ. ഹരിശങ്കർ ഐ.പി.എസ്. എന്നിവർ സമർപ്പിച്ച വിശദീകരണവും ശ്രീ. സുരേഷ് വി.നായരെ നേരിൽ കേട്ട വേളയിൽ ബോധിപ്പിച്ച വസ്തുതകളും കമ്മീഷൻ പരിശോധിച്ചു. മറ്റ് ഔദ്യോഗിക കാര്യങ്ങളോടൊപ്പമാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ എന്ന നിലയിലുള്ള ചുമതലയും നിർവ്വഹിക്കേണ്ടത് എന്നത് പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ. ആയിരുന്ന ശ്രീ. സുരേഷ് വി.നായരുടെ വിശദീകരണത്തിൽ ബോധിപ്പിച്ചിരുന്നു. എന്നാൽ ജോലിഭാരം മൂലമാണ് വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി

മറുപടി നൽകാതിരുതെന്നും മറ്റുമുള്ള വാദം വിവരാവകാശ നിയമപ്രകാരം അംഗീകരിക്കത്തക്കതല്ല. ആയതിനാൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിന്മേൽ സമയബന്ധിതമായി യാതൊരു വിവരവും മറുപടിയും നൽകാതിരുന്നത് കുറ്റകരവും ശിക്ഷാർഹവുമായതിനാൽ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ. ശ്രീ. സുരേഷ് വി.നായരെ ശിക്ഷിക്കുവാനും ശിക്ഷയായി 1000/- രൂപ (ആയിരം രൂപ മാത്രം) ടിയാളിൽ നിന്നും പിഴയായി ഈടാക്കുവാനും കമ്മീഷൻ തീരുമാനിക്കുന്നു.

2. ഈ ഉത്തരവ് കിട്ടി 30 ദിവസങ്ങൾക്കകം പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന ശ്രീ. സുരേഷ് വി.നായർ 1000/- രൂപ (ആയിരം രൂപ മാത്രം) "0070-60-118-99 Receipts Under Right to Information Act, 2005" എന്ന ശീർഷകത്തിൽ പിഴ സംഖ്യ ഒടുക്കേണ്ടതും, വിവരം കമ്മീഷൻ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. ടിയാൾ പിഴസംഖ്യ ഒടുക്കിയില്ലെങ്കിൽ ടി തുക ടിയാന്റെ ശമ്പളത്തിൽ നിന്നും വസൂലാക്കി മേൽപ്പറഞ്ഞ ശീർഷകത്തിൽ സമയബന്ധിതമായി ഒടുക്കുന്ന കാര്യം ഓഫീസ് മേധാവി ഉറപ്പു വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ടിയാളുടെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തിചെയ്ത് ടി സംഖ്യ ഈടാക്കുന്നതാണ്.

3. കുണ്ടറ പോലീസ് സ്റ്റേഷൻ പഴയ കെട്ടിടത്തിൽ നിന്നും പുതിയ കെട്ടിടത്തിലേക്ക് മാറിയപ്പോൾ പല സി.ഡി. ഫയലുകളും സ്ഥാനമാറ്റം സംഭവിച്ചതുമൂലം കണ്ടെത്തുവാൻ താമസം നേരിട്ടതുകൊണ്ടാണ് യഥാസമയം അപേക്ഷകന് വിവരങ്ങൾ നൽകാൻ കഴിയാതെ പോയതെന്നും ടി വീഴ്ച മന:പ്പൂർവ്വമായിരുന്നില്ലെന്നും, അപേക്ഷകൻ അപ്പീൽ നൽകിയതിനെ തുടർന്ന് ലഭ്യമായ രേഖകൾ തപാൽമാർഗ്ഗം അയച്ചുകൊടുത്തിട്ടുള്ളതായും കാണാതെ വന്ന രേഖകൾ ലഭിക്കുന്നതിനായി ബഹു. കോടതിയിൽ അപേക്ഷ സമർപ്പിച്ച് അടയാള സഹിതം പകർപ്പ് വാങ്ങി ഹർജിക്കാരന് നേരിട്ട് നൽകിയിട്ടുള്ളതായും യഥാസമയം വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകാത്തതിന് കൊട്ടാരക്കര ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ. ആയിരുന്ന ശ്രീ. സുരേഷ്വി.നായരോട് വിശദീകരണം ചോദിച്ചിട്ടുള്ളതായും കൊല്ലം റൂറൽ പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ടി റിപ്പോർട്ട് അംഗീകരിച്ച് ഹർജിക്കാരനുണ്ടായ കഷ്ടനഷ്ടങ്ങൾ സംബന്ധിച്ച് ഉത്തരവുകൾ ഒന്നും പുറപ്പെടുവിക്കേണ്ടതില്ലെന്ന് കമ്മീഷൻ തീരുമാനിക്കുന്നു.

4. മേൽ പ്രസ്താവിച്ച പ്രകാരം ഹർജിയിലെ നടപടികൾ അവസാനിപ്പിച്ചു കൊണ്ട് ഇന്നേ ദിവസം 2021 ജൂലൈ മാസം 28–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ. വിശ്വാസ് മേത്ത
മുഖ്യവിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★